**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2751 — 21 /06/2012 -ൽ മറുപടിക്ക്

# <u>റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. സി.പി.മുഹമ്മദ്<br>ശ്രീ. പാലോട് രവി<br>ശ്രീ. വി.ഡി.സതീശൻ | ശ്രീ. അനുപ് ജേക്കബ്.<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |

(എ) റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ മറിച്ചു വിൽക്കുന്നത് തടയാൻ എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നത്;

എ) നിലവിൽ റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ മറിച്ചു വിൽക്കുന്ന പ്രവണത തടയുന്നതിന് എഫ്.സി.ഐ. ഗോഡൗണുകളിൽ വിതരണ ദിവസം ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരെ നിയോഗിച്ചു വരുന്നു. റേഷൻ മൊത്ത വ്യാപാര ഡിപ്പോകളിൽ നിന്നും എ.ആർ.ഡി. കൾക്ക് റേഷൻ സാധനങ്ങൾ വിതരണം ചെയ്യുന്ന ദിവസങ്ങളിൽ അത് നിരീക്ഷിക്കുന്നതിനും കൃത്രിമം നടക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിനും എ.ഡബ്ല്യു.ഡി.കളിൽ ഉദ്യോഗസ്ഥരെ നിയോഗിച്ചു വരുന്നു. എഫ്.സി.ഐ. യിൽ നിന്നും റേഷൻ സാധനങ്ങൾ കയറ്റി പോകുന്ന വാഹനങ്ങളിൽ , നിർദ്ദിഷ്ട മാതൃകയിലുള്ള സ്റ്റിക്കർ (റേഷൻ സാധനങ്ങളുടെ വിവരം, ലൈസൻസിയുടെ വിവരം തുടങ്ങിയത്) പതിപ്പിയ്ക്കണമെന്ന് നിഷ്കർഷിക്കുകയും ആയത് കർശനമായി പരിശോധിച്ച് ഉറപ്പ് വരുത്തുകയും ചെയ്തു വരുന്നു. എഫ്.സി.ഐ.യിൽ നിന്നും വിട്ടെടുക്കുന്ന ഓരോ ലോഡും എ.ഡബ്ല്യു.ഡി.യിൽ എത്തിയാലുടൻ തന്നെ താലൂക്ക് സപ്ലൈ ഓഫീസറെ അറിയിക്കേണ്ടതും താലൂക്ക് സപ്ലൈ ഓഫീസറുടെ അനുമതിയോടെ മാത്രമേ സ്റ്റോക്ക് ഇറക്കാവു എന്നും നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ ഈ മേഖലയിൽ ആധുനിക സാങ്കേതിക വിദ്യ എങ്ങനെ പ്രയോജനപ്പെടുത്താം എന്ന കാര്യവും പരിശോധിച്ചു വരുന്നു.

(ബി) ആയതിനായി റേഷൻ സാധനങ്ങൾ കൊണ്ടു പോകുന്ന ലോറികളിൽ ജി.പി.ആർ.എസ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കുന്നുണ്ടോ ; വിശദമാക്കുമോ;

ബി) എഫ്.സി.ഐ.യുടെ ഗോഡൗണുകളിൽ നിന്നും ഓയിൽ കമ്പനികളിൽ നിന്നും മൊത്ത വ്യാപാരികൾ എടുക്കുന്ന റേഷൻ സാധനങ്ങൾ കൊണ്ടു പോകുന്ന വാഹനങ്ങളിൽ ജി.പി.എസ്. അടിസ്ഥാനമാക്കി വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം നടപ്പാക്കുന്ന കാര്യം ആലോചിച്ചുവരുന്നു.

| | | | |
|---|---|---|---|
| സി) | പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതുകൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ് ? | സി) | എഫ്.സി.ഐ.യുടെ ഗോഡൗണുകളിൽ നിന്നും ഓയിൽ കമ്പനികളിൽ നിന്നും മൊത്ത വ്യാപാരികൾ എടുക്കുന്ന റേഷൻ സാധനങ്ങൾ വഴി മദ്ധ്യേ തിരിച്ച് വിട്ട് കരിഞ്ചന്തയിൽ എത്തിച്ച് വില്പന നടത്തുവാനുള്ള സാദ്ധ്യത തീരെ ഇല്ലാതാക്കാൻ ഈ സംവിധാനം വഴി കഴിയുന്നതാണ്. ഓരോ വാഹനത്തിന്റെയും സഞ്ചാരപഥം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിരീക്ഷിയ്ക്കാനും നിശ്ചിത റൂട്ടിൽ നിന്നും മാറി പോകുന്ന സമയം തന്നെ ആയത് കണ്ടെത്തി തടയുന്നതിനും ഈ സംവിധാനം വഴി കഴിയുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ